19353
2/12/16

കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - കേരള സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി എസ്. സുഭദ്രയെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സഹകരണ (ബി) വകുപ്പ്

സ.ഉ (കൈ)നം. 45/2016/സഹ തീയതി, തിരുവനന്തപുരം, 23/11/2016

പരാമർശം:- 1. സ.ഉ (അച്ചടി)നം. 501/2005/ധന. തീയതി 25/11/2005.
2. സ.ഉ (അച്ചടി)നം. 61/10/ധന. തീയതി 09/02/2010.
3. കേരള സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണറുടെ 02/06/2011, 30/07/2012, 16/02/2016 തീയതികളിലെ E(2)378/2011/SCEC നമ്പർ കത്തുകൾ.

ഉത്തരവ്

സർക്കാർ ഓഫീസുകളിൽ 11/2005-നു മുൻപ് നിയമിക്കപ്പെട്ടതും ഇപ്പോഴും തുടർന്ന് വരുന്നതുമായ താത്കാലിക സ്വീപ്പർമാരെ സ്വീപ്പിംഗ് ഏര്യയുടെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പരാമർശം (1), (2) ലെ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ ബഹു.സുപ്രീം കോടതി State of Karnataka Vs Umadevi എന്ന കേസിലൂടെ നൽകിയിട്ടുണ്ടെങ്കിലും, നിലവിലുള്ള താത്കാലിക സ്വീപ്പർമാരുടെ ക്രമവത്ക്കരണം സംബന്ധിച്ച് മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളാണ് നടപ്പിലാക്കിവരുന്നത്.

കേരള സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷനിൽ 2002 ഓഗസ്റ്റ് മുതൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി എസ്. സുഭദ്രയെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

പരാമർശ ഉത്തരവുകളുടെ വെളിച്ചത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1), (2) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 2002 ഓഗസ്റ്റ് മുതൽ സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി എസ്. സുഭദ്രയെ പ്രസ്തുത തസ്തികയിൽ ഉത്തരവ് തീയതി മുതൽ സ്ഥിരപ്പെടുത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്
സെക്രട്ടറി

To

സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
ശ്രീമതി എസ്. സുഭദ്ര, പാർട്ട് ടൈം സ്വീപ്പർ, സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.
ധനകാര്യ വകുപ്പ് (ഇ.എക്സ്.പി. സി3/53/2016/ധന. തീയതി 30/05/2016 നം. ഫയൽ പ്രകാരം)
നിയമ വകുപ്പ് (15956/ഒപ്പിനിയൻ-ഡി2/16/നിയമം, തീയതി 29/07/2016 നം. ഫയൽ പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസിന്

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1	ഫയൽ നമ്പർ	: 6861/ബി1/2011/സഹ
2	വകുപ്പ്	: സഹകരണ (ബി) വകുപ്പ്
3	വിഷയം	: സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷൻ - പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ശ്രീമതി എസ്. സുഭദ്രയുടെ സർവീസ് ക്രമീകരിക്കുന്നത - സംബന്ധിച്ച്
4	മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി	: 05/10/2016
5	(i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?	: അതെ
	(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	: ഉണ്ട്
6	മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	: ഉണ്ട് ഉണ്ട്
7	കുറിപ്പ് സമർപ്പിക്കുന്ന അഡീഷണൽ സെക്രട്ടറിയുടെ പേര്	: ശ്രീ. പി.എസ്. രാജേഷ്
8	കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര്	: ശ്രീ. പി.വേണുഗോപാൽ ഐ.എ.എസ്
9	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി	: 10/11/2016
10	കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്	: ശ്രീ.എസ്.എം.വിജയാനന്ദ് ഐ.എ.എസ്
11	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി	: 10/11/2016
12	കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്	: ശ്രീ. എ.സി.മൊയ്തീൻ
13	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി	: 14/11/2016
14	കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി	: 15/11/2016
15	മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി	: 17.11.2016
16	തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും	: G.O(MS) No. 45/16/Co-op, dated 23.11.2016

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി എസ്. സുഭദ്രയുടെ സേവനം പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി തസ്തികയിൽ ക്രമീകരിക്കുന്നതു സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2. 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ 16.01.2001-ൽ രൂപീകൃതമാവുകയും നിലവിൽ സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബിൽഡിംഗിൽ (കോ-ബാങ്ക് ടവർ) പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. സംസ്ഥാന സഹകരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുകൾ നടത്തുകയും നിയന്ത്രിക്കുകയുമാണ് സഹകരണ ഇലക്ഷൻ കമ്മീഷൻ ചെയ്യുന്നത്. പ്രസ്തുത ഓഫീസിന് 218.91m^2 (2355.50ft^2) വിസ്തീർണ്ണമാണ് ഉള്ളത്. 2002 ഓഗസ്റ്റ് മുതൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി.എസ്.സുഭദ്രയെ സ്ഥിരപ്പെടുത്തുന്നതിന് കമ്മീഷൻ ശുപാർശ ചെയ്തിരുന്നു.

3. ശ്രീമതി.സുഭദ്രയെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമീകരിക്കുന്നതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ പറയും പ്രകാരമാണ്.

"സ.ഉ (അച്ചടി) നം.501/2005/ധന, തീയതി 25.11.2005 പ്രകാരമുള്ള രേഖകളെല്ലാം സമർപ്പിച്ചിട്ടുള്ളതിനാലും ശ്രീമതി.സുഭദ്ര 2002 മുതൽ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ സ്വീപ്പറായി ജോലി ചെയ്യുന്നത് പരിഗണിച്ചും 05.03.2016-ലെ 19/2016/ധന സർക്കുലറിനു മുമ്പ് ലഭിച്ച പ്രൊപ്പോസലായതിനാലും,

സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ പി.ടി.എസ് തസ്തിക സൃഷ്ടിച്ച് നിലവിലുള്ള സ്വീപ്പർ ശ്രീമതി.എസ്.സുഭദ്രയുടെ സേവനം ഉത്തരവ് തീയതി മുതൽ പ്രാബല്യം നൽകി ക്രമപ്പെടുത്താവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. "

4. സർക്കാർ സ്ഥാപനങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ 09.10.2006-ന് ശേഷം സ്ഥിരപ്പെടുത്തുന്നതിനെതിരായി ബഹു.സുപ്രീം കോടതിയുടെ, ഉമാദേവി V/s കർണ്ണാടക കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ ഇലക്ഷൻ കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ശ്രീ.സഞ്ജീവ്കുമാർ, ശ്രീ.ശ്രീകുമാർ എന്നിവരെ സ്ഥിരപ്പെടുത്തുന്നതിൻമേൽ ഇതുവരെയും തീരുമാനം കൈക്കൊണ്ടിട്ടില്ല. ഈ സാഹചര്യത്തിൽ ശ്രീമതി എസ്. സുഭദ്ര പാർട്ട് ടൈം സ്വീപ്പർ തസ്തികയിലാണ് സേവനമനുഷ്ഠിക്കുന്നത് എന്നതിനാൽ ബഹു.സുപ്രീം കോടതി വിധി ഈ കേസിൽ ബാധകമാകുമോ എന്നും ഈ കേസിൽ ധനകാര്യ വകുപ്പിന്റെ 05.03.2016-ലെ 19/16/ധന നമ്പർ സർക്കുലർ പ്രകാരം തുടർ നടപടി സ്വീകരിക്കാമോ എന്നും ഉപദേശത്തിനായി ഫയൽ നിയമവകുപ്പിലേക്ക് അയച്ചപ്പോൾ ആ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"സർക്കാർ ഓഫീസുകളിൽ 11/2005-ന മുൻപ് നിയമിക്കപ്പെട്ടതും ഇപ്പോഴും തുടർന്ന് വരുന്നതുമായ താത്കാലിക സ്വീപ്പർമാരെ സ്വീപ്പിംഗ് ഏര്യയുടെ അടിസ്ഥാനത്തിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ സ.ഉ (അച്ചടി) 501/2005/ധന തീയതി 25.11.2005, സ.ഉ (അച്ചടി) 61/2010/ധന തീയതി 09.02.2010 എന്നീ സർക്കാർ ഉത്തരവുകൾ മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന

ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ ബഹു.സുപ്രീം കോടതി State of Karnataka Vs Umadevi എന്ന കേസിലൂടെ നൽകിയിട്ടുണ്ടെങ്കിലും, നിലവിലുള്ള താത്കാലിക സ്വീപ്പർമാരുടെ ക്രമവത്ക്കരണം സംബന്ധിച്ച് മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളാണ് നടപ്പിലാക്കി വരുന്നത്. 05/03/2016-ലെ 19/2016/ധന നമ്പർ സർക്കുലർ പ്രകാരം, താത്കാലിക സ്വീപ്പർമാരുടെ ക്രമവത്ക്കരണത്തിനുള്ള പ്രൊപ്പോസലുകൾ സർക്കാരിലേയ്ക്ക് സമർപ്പിയ്ക്കേണ്ട അവസാന തീയതി 05/03/2016 ആയി നിശ്ചയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സ.ഉ (അച്ചടി) 501/2005/ധന തീയതി 25.11.2005 പ്രകാരമുള്ള രേഖകളെല്ലാം സമർപ്പിച്ചിട്ടുള്ളതിനാലും ശ്രീമതി.സുഭദ്ര 2002 മുതൽ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ സ്വീപ്പറായി ജോലി ചെയ്യുന്നത് പരിഗണിച്ചും 05/03/2016-ലെ 19/2016/ധന സർക്കുലറിനു മുമ്പ് ലഭിച്ച പ്രൊപ്പോസലായതിനാലും, സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ പി.ടി.എസ് തസ്തിക സൃഷ്ടിച്ച് നിലവിലുള്ള സ്വീപ്പർ ശ്രീമതി.എസ്.സുഭദ്രയുടെ സേവനം ഉത്തരവ് തീയതി മുതൽ പ്രാബല്യം നൽകി ക്രമപ്പെടുത്താവുന്നതാണെന്ന ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തോട് നിയമവകുപ്പിനും യോജിയ്ക്കാവുന്നതാണ്. "

5. ധനകാര്യ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ, 2002 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.എസ്.സുഭദ്രയെ, പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്താമോ എന്ന ഉത്തരവിനായി, ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തു. ഈ

മന്ത്രിസഭാ യോഗത്തിന്റെ അനുമതിയ്ക്കായി പരിഗണനയ്ക്ക് ദവാൻബഹു. മുഖ്യമന്ത്രി ഉത്തരവായി.

തീരുമാനിക്കേണ്ട വിഷയം

1. സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കാമോ ?
2. സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷനിൽ 2002 ആഗസ്റ്റ് മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീമതി എസ്. സുഭദ്രയുടെ സേവനം ഇപ്രകാരം സൃഷ്ടിക്കുന്ന പാർട്ട്

AS Coopn
Rl
17/11
Imm

43

രഹസ്യം

കേരള സർക്കാർ

മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 17-11-2016.

ഫയൽ നം.6861/ബി1/2011/സഹ. ഇനം നം: 476

വിഷയം : സഹകരണ വകുപ്പ് - സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷൻ - പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ശ്രീമതി എസ്. സുഭദ്രയുടെ സർവീസ് ക്രമീകരിക്കുന്നത്.

53. തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി